بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 10.06.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 21

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത് അബൂബക്കർ(റ)നെ സംബന്ധിച്ചുള്ള സ്മരണയിൽ യമാമ യുദ്ധത്തെക്കുറിച്ചുള്ള പരാമർശമാണ് നടന്നുകൊണ്ടിരുന്നത്. ഇബാദിബ്നു ബശർ ഇപ്രകാരം പറയുന്നതു കേട്ടതായി ഹദ്റത് അബൂസഊദ് ഖുദ്‌രി(റ) വിവരിക്കുന്നു: അല്ലയോ അബൂസഊദ് ബസാഖയിലെ ഉദ്യമം അവസാനിച്ച അന്ന് രാത്രി ആകാശം തുറക്കപ്പെടുകയും പിന്നീട് എനിക്ക് മുന്നിൽ അടക്കപ്പെടുന്നതായും ഞാൻ സ്വപ്നത്തിൽ ദർശിക്കുകയുണ്ടായി. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ശഹാദത്താകുന്നു. ഇൻശാഅല്ലാഹ് എന്ത് സംഭവിച്ചാലും അത് ഉത്തമമായിരിക്കും എന്ന് ഞാൻ പറഞ്ഞു. ശഹാദത്ത് വരിച്ച ശേഷം ഉബാദ ഇബ്നു ബശറിന്റെ മുഖത്ത് വാളുകൊണ്ടുള്ള ധാരാളം മുറിവുകൾ ഞാൻ കാണുകയുണ്ടായി. അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന ഒരു അടയാളം മുഖേനയാണ് ഞാൻ അദ്ദേഹത്തെ തിരിച്ചറിഞ്ഞത്.

പിന്നീട് ഹദ്റത് ഉമ്മെ അമ്മാറയെ സംബന്ധിച്ചുള്ള പരാമർശമാണ് വരുന്നത്. ഇസ്‌ലാമിക ചരിത്രത്തിലെ വളരെ ധീരയായ സ്ത്രീകളിൽപെട്ട ഒരു സഹാബി വനിതയായിരുന്ന അവർ, ഉഹദ് യുദ്ധത്തിലും പങ്കെടുക്കുകയും വളരെ ധീരതയോടെ പോരാടുകയും ചെയ്തിട്ടുണ്ട്. തന്റെ മകൻ അബ്ദുല്ലയാണ് മുസൈലിമ കദ്ദാബിനെ വധിച്ചതെന്ന് അവർ പറയുന്നു. ഹദ്റത് ഉമ്മെ അമ്മാറ സ്വയം അന്ന് യമാമ യുദ്ധത്തിൽ പങ്കാളിയായിരുന്നു. അതിൽ അവരുടെ ഒരു കരം അറ്റുപോകുകയും ചെയ്തിരുന്നു. ഹദ്റത് ഉമ്മെ അമ്മാറ പ്രസ്തുത യുദ്ധത്തിൽ പങ്കെടുക്കാനുള്ള കാരണമായി പറയപ്പെടുന്നത്, അവരുടെ പുത്രൻ ഹബീബ് ഇബ്നു സൈദ് ഒമാനിലായിരുന്നു. നബി(സ) വഫാത്തായ വാർത്ത കേട്ട് അദ്ദേഹം ഒമാനിൽ നിന്ന് മടങ്ങി. വഴിയിൽ മുസൈലിമ അവരെ തടഞ്ഞുവെച്ചു. താൻ അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നോ എന്ന് ഹബീബിബ്നു സൈദിനോട് ചോദിച്ചപ്പോൾ തനിക്ക് കേൾക്കാൻ കഴിയുന്നില്ല എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അയാൾ വീണ്ടും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അതെ. അവരെ സംബന്ധിച്ചുള്ള മുസൈലിമയുടെ കല്പന പ്രകാരം അവരെ തുണ്ടംതുണ്ടമാക്കുകയുണ്ടി. താൻ അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് അവരോട് ചോദിച്ചപ്പോഴെല്ലാം എനിക്ക് കേൾക്കാൻ കഴിയുന്നില്ല എന്ന മറുപടിയാണ് അദ്ദേഹം നൽകിയത്. എന്നാൽ മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് ചേദിക്കുമ്പോൾ അതെ എന്ന് മറുപടി പറഞ്ഞിരുന്നു. ഏതുവരെയെന്നാൽ അയാൾ അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഓരോ ഭാഗവും വെട്ടിമാറ്റുക(യും അദ്ദേഹത്തെ അഗ്നിയിലേക്ക് ഇടുക)യുമുണ്ടായി. ഹദ്റത് ഉമ്മെ അമ്മാറയ്ക്ക് തന്റെ മകന്റെ ശഹാദത്തിനെ സംബന്ധിച്ചുള്ള വാർത്ത ലഭിച്ചപ്പോൾ താൻ സ്വയം മുസൈലിമയെ നേരിട്ടുകൊണ്ട് ഒന്നുകിൽ അയാളെ കൊല്ലുകയോ അല്ലെങ്കിൽ സ്വയം അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാവുന്നതോ ആണെന്നു സത്യം ചെയ്യുകയുണ്ടായി. പ്രസ്തുത യുദ്ധത്തിൽ പങ്കെടുത്തിരുന്ന അവരുടെ മറ്റൊരു മകനായിരുന്നു അബ്ദുല്ലാഹ്. പറയുന്നു: ഞങ്ങൾ യമാമയിൽ എത്തിയപ്പോൾ ഘോരയുദ്ധം നടന്നു. ഞാൻ അല്ലാഹുവിന്റെ ശത്രുവായ മുസൈലിമയെ കണ്ടുപിടിക്കണമെന്ന ലക്ഷ്യവുമായി മുന്നേറി. അയാളെ കണ്ടുകിട്ടുകയാണെങ്കിൽ അയാളെ വിടുന്നതല്ല, അയാളെ കൊല്ലുകയോ അല്ലെങ്കിൽ സ്വയം മരിക്കുകയോ ചെയ്യുന്നതായിരിക്കും എന്ന് ഞാൻ അല്ലാഹുവിനോട് സത്യം ചെയ്തിരുന്നു. അവസാനം ഞാൻ അല്ലാഹുവിന്റെ ശത്രുവിനെ കണ്ടുമുട്ടി. ഞാനയാളെ ആക്രമിച്ചു. ഒരാളെന്റെ മുന്നിലേക്ക് വരികയും എന്റെ കയ്യിൽ വെട്ടുകയും അതിനെ അറുത്തുമാറ്റുകയും ചെയ്തു. അല്ലാഹുവാണെ സത്യം, അയാളുടെ അടുക്കൽ എത്തുന്നതിൽ നിന്നും എന്റെ കാലിടറിയില്ല. അയാൾ താഴെ വീണുകിടക്കുകയായിരുന്നു. അവിടെ ഞാൻ എന്റെ മകനായ അബ്ദുല്ലായെ കണ്ടു. അവൻ അയാളെ വധിച്ചിരുന്നു.

മറ്റൊരു നിവേദനം ഇപ്രകാരമാകുന്നു. ഹദ്റത് ഉമ്മെ അമ്മാറ പറയുന്നു: എന്റെ മകൻ തന്റെ വസ്ത്രം കൊണ്ട് സ്വന്തം വാൾ തുടക്കുകയായിരുന്നു. നീ മുസൈലിമയെ വധിച്ചോ എന്ന് ഞാൻ ചോദിച്ചപ്പോൾ അവൻ പറഞ്ഞു: അതെ മാതാവേ. അപ്പോൾ ഞാൻ അല്ലാഹുവിന് നന്ദി സൂചകമായി സുജൂദ് ചെയ്തു.

ഹദ്റത് ഉമ്മെ അമ്മാറ പറയുന്നു: അല്ലാഹു ശത്രുക്കളുടെ വേരറുത്തിരിക്കുന്നു. യുദ്ധം അവസാനിക്കുകയും ഞാൻ എന്റെ വീട്ടിലേക്ക് മടങ്ങുകയും ചെയ്തപ്പോൾ ഹദ്റത് ഖാലിദ് ഇബ്നു വലീദ് ഒരു അറബിയായ വൈദ്യനെ എന്റെ അടുക്കലേക്ക് കൊണ്ടുവന്നു. അയാൾ തിളച്ച എണ്ണകൊണ്ട് എന്നെ ചികിൽസിച്ചു. അല്ലാഹുവാണെ, ഈ ചികിൽസ എന്റെ കൈ മുറിക്കുന്നതിനേക്കാൾ കൂടുതൽ എനിക്ക് അസഹ്യമായിരുന്നു. ഹദ്റത് ഖാലിദ് എന്നെ വളരെയധികം ശ്രദ്ധിച്ചിരുന്നു. ഞങ്ങളോട് വളരെ നല്ലനിലയിലാണ് പെരുമാറിയിരുന്നത്. ഞങ്ങളുടെ അവകാശത്തെ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഞങ്ങളെ സംബന്ധിച്ചുള്ള തിരുനബി(സ)യുടെ വസിയ്യത്ത് എപ്പോഴും പരിഗണിച്ചിരുന്നു.

യമാമ യുദ്ധത്തിൽ മുറിവേറ്റ മുസ്‌ലിംകളുടെ എണ്ണം വളരെ അധികമായിരുന്ന കാരണത്താൽ അൻസാറുകളിലും മുഹാജിരീംകളിലും നിന്നുമുള്ള കുറച്ചുപേർ മാത്രമേ ഹദ്റത് ഖാലിദിനോടൊപ്പം നമസ്കാരത്തിൽ പങ്കെടുത്തിരുന്നുള്ളൂ. മറ്റൊരു നിവേദനത്തിൽ ഇങ്ങനെയും വന്നിരിക്കുന്നു, യമാമ യുദ്ധത്തിൽ ഉമ്മെ അമ്മാറയ്ക്ക് മുറിവേറ്റു. വാളുകൊണ്ടും അമ്പുകൊണ്ടുമുള്ള പതിനൊന്ന് മുറിവുകളാണ് അവർക്ക് ഏറ്റിരുന്നത്. കൂടാതെ അവരുടെ ഒരു കയ്യ് അറ്റുപോയിരുന്നു. ഹദ്റത് അബൂബക്കർ(റ) അവരുടെ വിശേഷങ്ങൾ ആരായുന്നതിനായി വന്നുകൊണ്ടിരുന്നു. കഅബ് ഇബ്നു അജ്റഹ് അന്ന് രൂക്ഷമായിതന്നെ പോരുതി. അന്ന് ജനങ്ങൾക്ക് കഠിമായ പരാജയം ഏറ്റുവാങ്ങേണ്ടി വന്നിരുന്നു. പരാജയം രുചിച്ചുകൊണ്ട് ചിതറിയോടി അവർ സൈന്യത്തിന്റെ അന്തിമ ഭാഗത്തേയും കടന്നുപോയിരുന്നു. കഅബ് വിളിച്ചു പറഞ്ഞു: അല്ലയോ അൻസാർ, അല്ലയോ അല്ലാഹുവിന്റെ അൻസാർ, റസൂലിന്റെ സഹായത്തിനായി വരിക. ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം മുഹ്കം ഇബ്നു തുഫൈലിന്റെ അടുത്തെത്തി. മുഹ്കം അദ്ദേഹത്തെ ആക്രമക്കുകയും അദ്ദേഹത്തിന്റെ ഇടത് കൈ അറുത്തുമാറ്റുകയും ചെയ്തു. അല്ലാഹുവാണെ, എന്നിട്ടും കഅബിന്റെ കാലിടറിയില്ല. വലത് കൈകൊണ്ട് പൊരുതുകയായിരുന്നു. അന്നേരം അദ്ദേഹത്തിന്റെ ഇടതുകൈയിൽനിന്ന് രക്തം ഒഴുകുന്നുണ്ടായിരുന്നു.

പിന്നീട് അബൂഅഖീലിനെ സംബന്ധിച്ച് പറയുന്നു, അൻസാറുകളുടെ സഖ്യകക്ഷിയിൽപെട്ട വ്യക്തിയായിരുന്ന അബൂഅഖീൽ യമാമ ദിവസം ഏറ്റവും ആദ്യം യുദ്ധത്തിനായി പുറപ്പെട്ടു. അദ്ദേഹത്തിന് ഒരു ശരമേൽക്കുകയും അത് തോളിനെ തുരന്നുകൊണ്ട് ഹൃദയത്തിലേക്ക് എത്തുകയും ചെയ്തു. അദ്ദേഹം ആ ശരത്തെ വലിച്ച് പുറത്തെടുത്തു. ആ മുറിവ് കാരണത്താൽ അദ്ദേഹം ക്ഷീണിതനായി. അദ്ദേഹം മഅൻ ഇബ്നു അദ്വി ഇപ്രകാരം പറയുന്നതായി കേട്ടു, അല്ലയോ അൻസാറുകളേ, ശത്രുക്കളെ ആക്രമിക്കുന്നതിനായി മടങ്ങി വരിക. അംറ് പറയുന്നു: അബൂഅഖീൽ തന്റെ ജനങ്ങളിലേക്ക് പോകുന്നതിനായി എഴുന്നേറ്റപ്പോൾ ഞാൻ ചോദിച്ചു: അബൂഅഖീൽ താങ്കൽ എന്താണ് ഉദ്ദേശിക്കുന്നത്? താങ്കളിൽ ഇപ്പോൾ യുദ്ധത്തിനുള്ള ധൈര്യം ഇല്ല. വളരെയധികം ക്ഷീണിതനായിരിക്കുന്നു. അദ്ദേഹം മറുപടിയായി പറഞ്ഞു: വിളിക്കുന്നയാൾ എന്റെ പേരെടുത്താണ് വിളിച്ചിരിക്കുന്നത്. ഞാൻ പറഞ്ഞു: അദ്ദേഹം അൻസാൻ എന്നാണല്ലോ വിളിച്ചത്; പരിക്കേറ്റവരെയായിരുന്നില്ല അദ്ദേഹം ഉദ്ദേശിച്ചത്. അബൂഅഖീൽ മറുപടി പറഞ്ഞു: ഞാൻ അൻസാറിൽപെട്ടവനാകുന്നു. മറ്റുള്ളവർ ധൈര്യം കാണിച്ചില്ലെങ്കിലും ഞാൻ നിശ്ചയമായും മറുപടി നൽകുന്നതാണ്. ഇബ്നു ഉമർ പറയുന്നു: അബൂഅഖീൽ ധൈര്യം സംഭരിച്ചുകൊണ്ട് എഴുന്നേറ്റു. തന്റെ വലതുകൈയിൽ ഊരിപ്പിടിച്ച വാളെടുത്തുകൊണ്ട് വിളിച്ചു പറഞ്ഞു: അല്ലയോ അൻസാർ, ഹുനൈൻ ദിവസത്തെപോലെ തിരിഞ്ഞ് ആക്രമിക്കുക. അവരെല്ലാവരും ഒരുമിച്ചുകൂടുകയും ശത്രുക്കൾക്ക് മുന്നിൽ ഒരു പരിചയായി മാറിക്കൊണ്ട് ശത്രുക്കളെ ഉദ്യാനത്തിലേക്ക് തള്ളിക്കയറ്റുകയും ചെയ്തു. അവർ പരസ്പരം കൂടിച്ചേർന്നു. പിന്നീട് രൂക്ഷമായ യുദ്ധം നടന്നു. വാളുകൾ പരസ്പരം പതിക്കാൻ തുടങ്ങി. അബൂഅഖീലിന്റെ മുറിവേറ്റ കൈ തോളിൽനിന്ന് വേർപെട്ട് പോകുന്നതും അത് ഭൂമിയിൽ പതിക്കുന്നതായും ഞാൻ കണ്ടു. അദ്ദേഹത്തിന് 14 മുറിവുകളേറ്റിരുന്നു. പ്രസ്തുത മുറിവുകൾ കാരണത്താൽ അദ്ദേഹം ശഹീദാവുകയും ചെയ്തു. ഇബ്നു ഉമർ(റ) പറയുന്നു: ഞാൻ അബൂഅഖീലിന്റെ പക്കൽ എത്തിയപ്പോൾ അദ്ദേഹം നിലത്തു വീണ്കിടന്ന് അവസാനശ്വാസം എടുക്കുകയായിരുന്നു. ഞാൻ പറഞ്ഞു: അല്ലയോ അബൂഅഖീൽ. അപ്പോൾ അദ്ദേഹം വിറച്ച ശബ്ദത്താൽ ലബ്ബൈക്ക് എന്ന് പറഞ്ഞു. പിന്നീട് ചോദിച്ചു: ആർക്കാണ് പരാജയം സംഭവിച്ചത്. ഞാൻ ഉച്ചത്തിൽ പറഞ്ഞു: സുവാർത്തയാകട്ടെ. അല്ലാഹുവിന്റെ ശത്രു മുസൈലിമ വധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം അൽഹംദുലില്ലാഹ് എന്ന് പറഞ്ഞുകൊണ്ട് തന്റെ വിരൽ ആകാശത്തേക്ക് ഉയർത്തുകയും ജീവൻ വെടിയുകയും ചെയ്തു. ഇബ്നു ഉമർ പറയുന്നു: ഞാൻ എന്റെ പിതാവായ ഹദ്റത് ഉമറിനെ ഈ എല്ലാ സംഭവങ്ങളും കേൾപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹു അദ്ദേഹത്തിൽ കരുണ ചൊരിയട്ടെ. അദ്ദേഹം എപ്പോഴും ശഹാദത്തിനാഗ്രഹിച്ചിരുന്നു. എന്റെ അറിവനുസരിച്ച് അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ ഏതാനും തിരഞ്ഞെടുക്കപ്പെട്ട സഹാബികളിൽപെട്ട വ്യക്തിയും അവരിൽ ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ച വ്യക്തിയുമായിരുന്നു. മുജാഅബിൻ മറാറ യമാമ യുദ്ധാനന്തരം ഒരിക്കൽ പറയുകയുണ്ടായി: അല്ലയോ റസൂലിന്റെ ഖലീഫാ, യമാമ യുദ്ധത്തിൽ പങ്കെടുത്ത സഹാബാക്കളേക്കാൾ കൂടുതൽ വാൾപ്രയോഗങ്ങൾക്ക് മുമ്പാകെ സ്ഥിരചിത്തരായി നിലകൊള്ളുന്ന ആരെയും ഞാൻ കണ്ടിട്ടില്ല. മാത്രവുമല്ല അവരെക്കാൾ കൂടുതൽ ശക്തമായ ആക്രമണം നടത്തുന്നവരെയും ഞാൻ കണ്ടിട്ടില്ല. മുജാഅഃ അബൂബക്കർ(റ)നോട് മഅൻ ബിൻ അദിയുടെയും അൻസ്വാറുകളുടേയും സ്ഥിരചിത്തതയേയും

പ്രത്യാക്രമണത്തേയും അദ്ദേഹത്തിന്റെ ശഹാദത്തിനേയും പറ്റി പറഞ്ഞതുകേട്ടപ്പോൾ ഹദ്റത്ത് അബൂബക്കർ[റ] കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ താടി മുടികൾ ഒക്കെ കണ്ണുനീരിൽ കുതിർത്തു.

മഹ്മൂദ് ബിൻ ലബീദിൽ നിന്നും നിവേദനം, ഖാലിദ് കുറേ യമാമക്കാരെ വധിച്ച യുദ്ധത്തിൽ വലിയ തോതിൽ മുസ്ലിംകളും ശഹീദാകുകയുണ്ടായി. റസൂൽ[സ]ന്റെ മിക്ക സ്വഹാബാക്കളും ശഹീദായി. മുസ്ലിംകളിൽ ജീവനോടെ രക്ഷപ്പെട്ടവർക്കും ഒരുപാട് പരിക്കുകളേറ്റിരുന്നു. മുസൈലിമ വധിക്കപ്പെട്ടുവെന്ന വാർത്തയറിഞ്ഞതും ഖാലിദ് മുസൈലിമയെ തിരിച്ചറിയാനായി മുജാഅയെ കൂച്ചുവിലങ്ങിട്ടു കൊണ്ടുവന്നു. മൃതദേഹങ്ങൾക്കിടയിൽ അയാൾ മുസൈലിമയെ തിരഞ്ഞു; എന്നാൽ അവിടെയൊന്നും കണ്ടില്ല. പിന്നീട് തോട്ടത്തിലേക്ക് പ്രവേശിച്ചപ്പോൾ അവിടെ ഒരു കുറുന്ന ശരീരവും മഞ്ഞ നിറവും പതിഞ്ഞ മൂക്കുമുള്ള ഒരു ശവത്തെ കണ്ടു. നിങ്ങൾ രക്ഷനേടിയ മുസൈലിമ ആണ് ഇതെന്ന് മുജാഅഃ പറഞ്ഞു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്[റ]ന്റെ ഒരു സ്വപ്നത്തെ കുറിച്ച് പറയുന്നു: ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്[റ] ഹദ്റത്ത് ഖാലിദ്[റ]നെ യമാമയിലേക്ക് പറഞ്ഞയച്ചപ്പോൾ, ഹജർ എന്ന പ്രദേശത്തു നിന്ന് ഈത്തപ്പഴം കൊണ്ടുവന്നത് അദ്ദേഹം സ്വപ്നത്തിൽ കണ്ടു. അദ്ദേഹം അതിൽനിന്ന് ഒരു ഈത്തപ്പഴം എടുത്തു കഴിച്ചപ്പോൾ അത് ഒരു കുരു ആണെന്ന് മനസ്സിലായി. ഈത്തപ്പഴത്തിന്റെ രൂപത്തിലുള്ള കാഠിന്യമേറിയ ഒരു കുരു ആയിരുന്നു അത് ഈത്തപ്പഴമായിരുന്നില്ല. അത് കുറച്ച് നേരം ചവച്ചശേഷം വലിച്ചെറിഞ്ഞു. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്[റ] ആ സ്വപ്നത്ത വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു: ഖാലിദിന് യമാമക്കാരിൽ നിന്നും കഠിനമായ എതിർപ്പ് നേരിടേണ്ടിവരും. എന്നാൽ അല്ലാഹു അദ്ദേഹത്തിനു തീർച്ചയായും വിജയം നൽകുന്നതാണ്. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്[റ] യമാമയിൽനിന്നും വരുന്ന വാർത്തകൾക്കായി ആകാംക്ഷയോടെ കാത്തിരിക്കുമായിരുന്നു. ഖാലിദിൽനിന്ന് ഒരു ദൂതൻ വരുമ്പോൾ തന്നെ അവനിൽ നിന്ന് വാർത്തകൾ കൈപ്പറ്റുമായിരുന്നു.

ഈ യുദ്ധത്തിൽ വധിക്കപ്പെട്ട മുർത്തദ്ദീങ്ങളുടെ എണ്ണത്തെക്കുറിച്ച് ഒരു നിവേദനത്തിൽ പതിനായിരത്തോളം എന്നും മറ്റൊരു നിവേദനത്തിൽ ഇരുപത്തൊന്നായിരം എന്നും പറയപ്പെടുന്നുണ്ട്. എന്നാൽ അഞ്ഞൂറോ അറുന്നൂറോ മുസ്ലിംകൾ ആണ് ശഹീദായത്. മറ്റു നിവേദനങ്ങളിൽ യമാമ യുദ്ധത്തിൽ ശഹീദായ മുസ്ലിംകൾ എഴുന്നൂറ് എന്നും ആയിരത്തി ഇരുന്നൂറ് എന്നും ആയിരത്തി എഴുന്നൂറ് എന്നും പറയുന്നുണ്ട്. ഒരു നിവേദനപ്രകാരം ഈ യുദ്ധത്തിൽ ശഹീദായവരിൽ എഴുന്നൂറിൽ കൂടുതൽ ഖുർആൻ ഹാഫിളുമാരും ഉണ്ടായിരുന്നു. ശഹീദായവരിൽ മുസ്ലിംക്കിടയിൽ ഉയർന്ന സ്ഥാനമഹാത്മ്യം ഉണ്ടായിരുന്ന മഹാന്മാരായ സ്വഹാബാക്കളും ഖുർആൻ ഹാഫിളുമാരും ഉണ്ടായിരുന്നു. അവരുടെ ശഹാദത്ത് മഹാദുരന്തമായിരുന്നു. എന്നാൽ ഖുർആൻ ഹാഫിളുമാരുടെ ശഹാദത്ത് വിശുദ്ധ ഖുർആൻ ക്രോഡീകരണത്തിന് നിദാനമായി. ശുഹദാക്കളിൽ പ്രസിദ്ധരായ സ്വഹാബക്കളായിരുന്നു, ഹദ്റത്ത് സൈദ് ബിൻ ഖത്വാബ്, ഹദ്റത്ത് അബൂഹുദൈഫാ ബിൻ റബീഅഃ, ഹദ്റത്ത് സാലിം മൗലാ അബി ഹുദൈഫ, ഹദ്റത്ത് ഖാലിദ് ബിൻ അസീദ്, ഹദ്റത്ത് ഹകം ബിൻ സഈദ്, ഹദ്റത്ത് തുഫൈൽ ബിൻ അംർ ദോസി, ഹദ്റത്ത് സുബൈർ ബിൻ അവാമിന്റെ സഹോദരൻ ഹദ്റത്ത് സാഇബ് ബിൻ അവാം, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹാരിസ് ബിൻ ഖൈസ്, ഹദ്റത്ത് ഉബാദ് ബിൻ ഹാരിസ്, ഹദ്റത്ത് ഉബാദ് ബിൻ ബശർ, ഹദ്റത്ത് മാലിക് ബിൻ ഔസ്, ഹദ്റത്ത് സുറാഖാ ബിൻ കഅബ്, റസൂൽ[സ]ന്റെ ഖത്വീബായ ഹദ്റത്ത് മഅൻ ബിൻഅദി, ഹദ്റത്ത് സബിത് ബിൻ ഖൈസ് ബിൻ ശമാസ്, ഹദ്റത്ത് അബൂ ദുജാനഃ, കപടവിശ്വാസികളുടെ നേതാവയിരുന്ന അബ്ദുല്ലാഹി ബ്നു ഉബയ്യിബിന് സുലൂലിന്റെ സത്യവിശ്വാസിയായ പുത്രൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് യസീദ് ബിൻ സാബിത് ഖസ്റജി.

ചില ചരിത്രകാരന്മാരുടെ അഭിപ്രായമനുസരിച്ച് യമാമ യുദ്ധം റബീഉൽ അവ്വൽ 12 ഹിജ്രിയിലാണ് നടന്നത്, എന്നാൽ ചിലരുടെ അഭിപ്രായം 11 ഹിജ്രിയുടെ അവസാനത്തിലണെന്നാണ്. ഈ രണ്ട് അഭിപ്രായങ്ങളേയും ഒരുമിപ്പിച്ചുകൊണ്ട് നമുക്ക് ഇപ്രകാരം പറയാം, യമാമ യുദ്ധത്തിന്റെ ആരംഭം 11 ഹിജ്രിയിലും അവസാനം 12 ഹിജ്രിയിലും ആയിരിക്കാം.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 10.06.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**